<u>**പുതുവത്സരാഘോഷം സമാധാനപരമായി നടക്കുന്നതിനായി എറണാകുളം റൂറൽ ജില്ലയിൽ പോലീസ് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ജില്ലാ പോലീസ് മേധാവി അറിയിച്ചു.**</u>

**ആലുവ:** പുതുവത്സരാഘോഷം സമാധാനപരമായി നടക്കുന്നതിനായി റൂറൽ ജില്ലയിൽ ക്രമീകരണമായി, 2000 യിരത്തോളം പോലീസ് ഉദ്യോഗസ്ഥരെ നാളെ പകലും രാത്രിയിലുമായി ഡ്യൂട്ടിയ്ക്കായി നിയോഗിക്കും.

പൊതുസ്ഥലങ്ങളിൽ അനുമതിയില്ലാതെ ഉച്ചഭാഷണികൾ പ്രവർത്തിപ്പിക്കുന്നതിനോ, പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിനോ, പടക്കം പൊട്ടിക്കുന്നതിനോ അനുവദിക്കുന്നതല്ല. മദ്യപിച്ച് ക്രമരഹിതമായി വാഹനംഓടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ് അത്തരക്കാരെ കണ്ടെത്തുന്നതിനായി വാഹനപരിശോധനഊർജ്ജിതമാക്കും.മദ്യവിൽപ്പനശാലകളിൽ രാവിലെ 9.00 മുതൽ രാത്രി 10.00 മണിവരെ നിയമപ്രകാരമുള്ള മദ്യ വിൽപ്പന മാത്രമേ അനുവദിക്കുകയുള്ളു ആയത് പോലീസ് കർശനമായി നിരീക്ഷിക്കുന്നതാണ്.

പൊതുസ്ഥലങ്ങളിലും,ബീച്ചുകളിലും,പാർക്കുകളിലുംമറ്റുംമദ്യപിക്കുന്നവരെയും,സ്ത്രീകളെയും കുട്ടികളെയും ശല്യം ചെയ്യുന്നവരെയും പിടികൂടുന്നതിനായി വനിതാ പോലീസ് ഉൾപ്പെടെ മഫ്തിയിലും ഡ്യൂട്ടിയ്ക്കായി പോലീസ് ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ ബീച്ചുകളിലും,പാർക്കുകളിലും മറ്റും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്..അനിഷ്ടസംഭവങ്ങൾ എന്തെങ്കിലും ഉണ്ടായാൽ പോലീസ് സഹായം ലഭ്യമാകുന്നതിന് പൊതുജനങ്ങൾക്ക് **0484 2621100, 9497980500, 1090, 100** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.